**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1288** **19-06-2024 - ൽ മറുപടിയ്ക്ക്**

**പള്ളാത്തുരുത്തി പാലം മുതൽ കൊമ്മാടി ജംഗ്ഷൻ വരെയുള്ള കിഴക്കൻ ബൈപ്പാസ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 2016-21 ലെ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച, പള്ളാത്തുരുത്തി പാലം മുതൽ കൊമ്മാടി ജംഗ്ഷൻ വരെയുള്ള കിഴക്കൻ ബൈപ്പാസ് നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (എ) | കിഫ്ബി ധനസഹായത്തോടു കൂടി കെ.ആർ.എഫ്.ബി., പി.എം.യു മുഖേന നടപ്പിലാക്കുന്ന പള്ളാത്തുരുത്തി കിഴക്കൻ ബൈപ്പാസ് റോഡ് പ്രവൃത്തിക്കായി 20 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി ചീഫ് എഞ്ചിനീയർ ഡിസൈൻ വിഭാഗത്തിന് കത്ത് നൽകിയിരുന്നു. ഇതിന്റെ ഭാഗമായി പ്രവൃത്തിയുടെ പള്ളാത്തുരുത്തി മുതൽ പൂങ്കാവ് വരെയുള്ള റോഡിന്റെ സർവ്വേ നടപടികൾ പൂർത്തീകരിച്ചു. ഡ്രാഫ്റ്റ് അലൈൻമെന്റ് ചീഫ് എഞ്ചിനീയർ ഡിസൈൻ വിഭാഗത്തിൽ നിന്നും ലഭിച്ചു. അലൈൻമെന്റിൽ വരുത്തേണ്ട മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പുതുക്കിയ ഡ്രോയിങ് തയ്യാറാക്കുന്നതിന്, ചീഫ് എഞ്ചിനീയർ, ഡിസൈൻ വിഭാഗത്തിന് KRFB-PMU കത്ത് നൽകിയിട്ടുണ്ട്. തുടർന്ന് നിർദ്ദിഷ്ട പള്ളാത്തുരുത്തി കിഴക്കൻ ബൈപ്പാസിന്റെ എംബാങ്ക്മെന്റ് ഡിസൈൻ KHRI പൂർത്തീകരിച്ചിട്ടുണ്ട്. ആകെ 10.62 കിലോമീറ്റർ നീളമുള്ള ഈ നിർദ്ദിഷ്ട ബൈപ്പാസിന്റെ അലൈൻമെന്റിൽ വരുന്ന മൂന്ന് മേജർ പാലങ്ങളുടെ ഡിസൈൻ പൊതുമരാമത്ത് പാലങ്ങൾ ഡിസൈൻ വിഭാഗം തയ്യാറാക്കി വരുന്നു. ഇതു പൂർത്തിയാക്കിയാൽ ഉടൻ പൊതുമരാമത്ത് പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റിന് ഡി.പി.ആർ. തയ്യാറാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രസ്തുത നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | ഡി.പി.ആർ. ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ